**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2143** **05-02-2026-ൽ മറുപടിയ്ക്ക്**

**ഇന്ത്യ റിസർവ് ബറ്റാലിയനിലെ നിയമനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ബഷീർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ഇന്ത്യ റിസർവ് ബറ്റാലിയനിൽ (റെഗുലർ വിങ്) എത്ര പേർ പതിനൊന്നര വർഷം പൂർത്തീകരിച്ച് കേരള സിവിൽ പോലീസ് ട്രാൻസ്ഫറിന് യോഗ്യത നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; എങ്കിൽ ഇവരെ എപ്പോൾ കേരള സിവിൽ പോലീസ് സർവ്വീസിലേക്ക് ട്രാൻസ്ഫർ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പതിനൊന്നാര വർഷം പൂർത്തീകരിച്ച റഗുലർ വിംഗ് സേനാംഗങ്ങളിൽ നിലവിൽ 54 പേർ കേരള സിവിൽ പോലീസ് ട്രാൻഫറിനായി ഓപ്ഷൻ സമർപ്പിച്ചിട്ടുണ്ട്. S.R.O 1368/2025നമ്പറായി 17/12/2025 ൽ വിജ്ഞാപനം ചെയ്ത സ.ഉ(പി)നം. 103/2025/ആഭ്യന്തരം, തീയതി:- 04/12/2025 പ്രകാരമുള്ള ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾക്ക് വിധേയമായി ടിയാളുകളെ കേരള സിവിൽ പോലീസ് സർവ്വീസിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** ഇന്ത്യ റിസർവ് ബറ്റാലിയനിൽ റെഗുലർ വിങ്ങ് ട്രെയിനിങിൽ നിന്നും ട്രെയിനീസ് കൊഴിഞ്ഞുപോകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത്തരത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി. എസ്. സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യ റിസർവ് ബറ്റാലിയൻ റെഗുലർ പോലീസ് കോൺസ്റ്റബിൾ നിയമനത്തിനായി നിലവിലുണ്ടായിരുന്ന റാങ്ക് പട്ടികയുടെ (കാറ്റഗറി നം. 466/2021) കാലാവധി കഴിയുന്ന 02/04/2025 തീയതിവരെ ഉണ്ടായിരുന്ന അത്തരത്തിലുള്ള ട്രെയിനികളുടെ ഒഴിവുകൾ സമയബന്ധിതമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത തസ്തികയിൽ പുതിയ റാങ്ക് പട്ടിക നിലവിൽ വന്നിട്ടില്ലാത്തതിനാലും 02.04.2025 കാലാവധി അവസാനിച്ച റാങ്ക് പട്ടികയിൽ നിന്നുള്ള നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട Kerala Administrative Tribunal-ൽ നിലവിലുള്ള കേസിൽ അന്തിമ ഉത്തരവ് ലഭിച്ചിട്ടില്ലാത്തതിനാലും 03.04.2025 മുതൽ ഉണ്ടായിരുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

**(സി)** ഐ.ആർ.ബി. (റെഗുലർ വിംഗ് ) യിൽ ഹവിൽദാർ പ്രൊമോഷൻ ലഭിച്ചവരെ ഹവിൽദാർ സ്റ്റേറ്റ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പതിനഞ്ച് വർഷം സർവീസ് പൂർത്തീകരിച്ച ഐ.ആർ.ബി. പോലീസുകാർക്ക് പ്രൊമോഷൻ സാധ്യത ഇല്ലാതാകുന്ന എന്ന വസ്തുത

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** S.R.O 1368/2025നമ്പറായി 17/12/2025 ൽ വിജ്ഞാപനം ചെയ്ത് ഇന്ത്യ റിസർവ് ബറ്റാലിയൻ സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഹവിൽദാർ പ്രൊമോഷൻ റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**